**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1984** **09-12-2022 - ൽ മറുപടിയ്ക്ക്**

**കേരള സർവകലാശാല മലയാള ഭാഷ മഹാ നിഘണ്ടു**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവകലാശാല മലയാള ഭാഷ മഹാ നിഘണ്ടു എത്ര വാല്യം പ്രസിദ്ധീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | 9 വാല്യം. |
| (ബി) | തെറ്റുകൾ കടന്നുകൂടിയ എട്ടാം വാല്യം പുനപ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | തെറ്റുകൾ കടന്നുകൂടിയത് 9-ാം വാല്യത്തിലാണ്. അത് പുനഃപ്രസിദ്ധീകരിച്ചിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ കാരണവും പ്രസ്തുത നിഘണ്ടുവിന്റെ എല്ലാ വാല്യങ്ങളും എപ്പോൾ പൂർത്തിയാക്കാൻ കഴിമെന്നും വ്യക്തമാക്കുമോ? | (സി) | മലയാള മഹാനിഘണ്ടുവിന്റെ ഒമ്പതാം വാല്യം പിഴ തീർത്ത് പുന:പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. മലയാള മഹാനിഘണ്ടുവിൽ ഉൾപ്പെടുത്തുന്നതിനുള്ള പദങ്ങൾ ശേഖരിക്കുകയും അവയുടെ പ്രയോഗ സന്ദർഭങ്ങൾ കണ്ടെത്തുകയും ചെയ്യുന്നതിന് വിപുലമായ ഗവേഷണം ആവശ്യമാണ്. ഓരോ അക്ഷരവും ഉൾക്കൊള്ളുന്ന വാക്കുകളുടെ എണ്ണം വ്യത്യസ്തമായിരിക്കുന്നതിനാൽ ഒരക്ഷരത്തിന്റെ വിവരശേഖരണത്തിന്റെ കാലയളവായിരിക്കില്ല മറ്റൊരക്ഷരത്തിന്റേത്. വാക്കുകളുടെ നിരുക്തി (Etymology), വ്യാകരണ സവിശേഷത, ദ്രാവിഡ പദങ്ങളുടെ സഗോത്രഭാഷാ സമാനപദങ്ങൾ (Cognates), വ്യത്യസ്ത നിരുക്തിയുള്ളവയുടെ സമാനരൂപങ്ങൾ (Homonyms) കണ്ടെത്തൽ, സമസ്ത പദങ്ങളുടെ ഘടകങ്ങൾ രേഖപ്പെടുത്തുക, രൂപഭേദങ്ങളും ലിപി ഭേദങ്ങളും ചൂണ്ടിക്കാട്ടുക, ശാസ്ത്ര നാമങ്ങൾ പ്രചാരലുപ്തമായ പദങ്ങൾ, വൈജ്ഞാനിക പദങ്ങൾ, ആചാരാനുഷ്ഠാന പദങ്ങൾ, സാങ്കേതിക പദങ്ങൾ തുടങ്ങിയവയ്ക്ക് പ്രത്യേകം വിവരണം നൽകുക എന്നിവ മഹാനിഘണ്ടുവിനെ മറ്റു നിഘണ്ടുക്കളിൽ നിന്ന് വേറിട്ടു നിർത്തുന്ന പ്രത്യേകതകളാണ്. ഈ പ്രക്രിയയുടെ സമയപരിധി കൃത്യമായി നിർണ്ണയിക്കാവുന്നതല്ല. |

സെക്ഷൻ ഓഫീസർ